നാരായണാശ്രമ
തപോവനം

# ആത്മസ്ഫുരണങ്ങൾ

സ്വാമി ഭൂമാനന്ദതീർഥ



# മനസ്സിനുള്ള ശക്തി അസീമം

Volume 117, 15 February 2015

ദേഹവും മനസ്സും കൂടിച്ചേർന്നതാണല്ലോ മനുഷ്യന്റെ വ്യക്തിത്വം. ഇതിൽ രണ്ടിനും പ്രാധാന്യമുണ്ടെന്നു വ്യക്തമാണ്. എങ്കിലും ദേഹത്തെ പ്രവർത്തിപ്പിയ്ക്കുന്നതു മനസ്സാകയാൽ, മനസ്സിനാണ് വാസ്തവത്തിൽ മുൻസ്ഥാനം.

ധൈര്യം, ക്ഷമ, സഹനശക്തി എന്നിങ്ങനെ അനേകം ഗുണങ്ങൾ മനസ്സിനുള്ളതാണ്. ഇതിൽ ധൈര്യം എല്ലാവർക്കും വേണ്ടതാണല്ലോ. ആരും ഇഷ്ടപ്പെടുന്നതാണത്. പലർക്കും സന്ദർഭത്തിനൊത്തു ധൈര്യമുണ്ടാകാറില്ലെന്നതും വാസ്തവമാണല്ലോ.

പ്രതികൂലസാഹചര്യങ്ങളെ നേരിടാനുള്ള സന്നദ്ധതയും കരുത്തുമാണ് സർവോപരി ധൈര്യം. പുറത്തു നോക്കി 'ഭേഷ്' എന്നു തോന്നിയ്ക്കുന്ന പല നേട്ടങ്ങളും മനസ്സിന്റെ യഥാർഥയോഗ്യതയെ അളക്കാൻ പര്യാപ്തമാകില്ല.

ഒരുവൻ പണക്കാരനാകാം, ഭാര്യ, മക്കൾ, ഗൃഹം, എല്ലാം അവന് ഉണ്ടായെന്നു വരാം, ജീവിതത്തിന് ഒരു വിഷമവുമില്ല. എല്ലാം ഭംഗിയായി നടക്കുന്നു. അപ്പോൾ ആ ആളെ ക്കണ്ടാൽ എന്തു പറയും? സുഖസൗകര്യങ്ങളോടുകൂടി വാഴാൻ പ്രത്യേകം ധൈര്യമോ മന:ശക്തിയോ ആവശ്യമില്ല. മറിച്ച്, സൗകര്യങ്ങൾ കുറഞ്ഞും കഷ്ടപ്പാടുകൾ വർധിച്ചും ഇരിയ്ക്കയാണെങ്കിലോ, മനസ്സിനു പരീക്ഷയായി. വാടിക്കുഴയാതെ, ഭ്രമിയ്ക്കാതെ, സ്വതൃപ്തി നിലനിർത്തിപ്പോകാനാണ് ധൈര്യം വേണ്ടിവരുക.

ധൈര്യത്തെ പരീക്ഷിയ്ക്കുന്ന പല രംഗങ്ങളുമുണ്ട്. അതിലൊന്നാണ് വാല്മീകി മഹർഷി എന്നെന്നേയ്ക്കുമായി പൊന്നുരാമനിലൂടെ കാണിച്ചുതരുന്നത്.

അസ്ത്രശാസ്ത്രാഭ്യാസങ്ങളെല്ലാം കഴിഞ്ഞു പുത്രന്മാർ നാലുപേർക്കും യൗവനം ആരംഭിച്ചതോടെ ദശരഥമഹാരാജാവ് മന്ത്രിമാരെ വിളിച്ചു വിവാഹാലോചന നടത്തുകയായിരുന്നു. അപ്പോഴാണ് പെട്ടെന്നു വിശ്വാമിത്രമഹർഷി രാജധാനിയിൽ വന്നത്. രാമനെ കൊണ്ടുപോയി യാഗവിഘ്നങ്ങൾ പരിഹരിയ്ക്കണമെന്നായിരുന്നു മഹർഷിയുടെ ആവശ്യം.

വിവരമറിഞ്ഞതും രാജാവ് വല്ലാതെ വിഷമിച്ചു. രാക്ഷസന്മാരോടു പൊരുതാൻ കൊച്ചുകുമാരന്മാരെ അയയ്ക്കാൻ പിതാവ് എങ്ങനെ തുനിയും?

ഒഴികഴിവുകൾ പറയാൻ തുടങ്ങിയ ദശരഥനോടു വസിഷ്ഠൻ പറഞ്ഞു. ''അമേയതേജസ്വിയായ വിശ്വാമിത്രമഹർഷിയുടെ കൂടെ പുത്രനെ അയയ്ക്കാൻ ഒട്ടും മടിയ്ക്കരുത്. പിതാവിന്റെ അടുക്കലുള്ളതേക്കാൾ സുരക്ഷിതരാകും പുത്രന്മാർ മഹർഷിയുടെ കീഴിൽ. മാത്രമല്ല അവർക്കു പല നേട്ടങ്ങളുമുണ്ടാകും. അതുകൊണ്ട് മഹാരാജാവെ, സന്തോഷപൂർവം കുട്ടികളെ അയച്ചു മഹർഷിയുടെ ആശീർവാദത്തിന്നു പാത്രമാകൂ. ഇക്ഷ്വാകുവംശത്തിന്റെ പാരമ്പര്യം അതാണ്.''

സങ്കടവും വിഷമവും നേരിടുമ്പോൾ, ഉപദേശിയ്ക്കാൻ സജ്ജനങ്ങൾ വേണം. ഒരുവന്റെ ബുദ്ധിമാത്രമായാൽ കാര്യങ്ങളുടെ ഗുണദോഷങ്ങൾ പൂർണമായി ഗ്രഹിയ്ക്കാൻ കഴിഞ്ഞെന്നു വരില്ല. കുലഗുരുവായ വസിഷ്ഠൻ എന്നും രഘുവംശത്തെ താങ്ങും തണലുമായി നിന്നു രക്ഷിച്ചിട്ടുണ്ട്.

ദശരഥന്റെ മ്ലാനതയും സംശയവും നീങ്ങി. രാമനും ലക്ഷ്മണനും വിശ്വാമിത്രമഹർഷിയുടെ കൂടെ പോയി.

യാഗം മുടക്കുന്ന രാക്ഷസന്മാരെ അകറ്റി, മഹർഷിയെ അവർ തൃപ്തിപ്പെടുത്തി.

കുറച്ചുനാൾക്കുശേഷമാണ് പൊന്നുരാമനെ യുവരാജാവാക്കി അഭിഷേകം ചെയ്യാൻ നിശ്ചയിച്ചത്. ഹാ, എന്തൊരാഹ്ലാദം, ആശ്വാസം. ആനന്ദനൃത്തം! രാജധാനിയിൽ മാത്രമല്ല അയോധ്യാനഗരത്തിലാകമാനം.

കൈകേയിമാത്രം കോപഗൃഹത്തിൽചെന്നു സ്ഥലംപിടിച്ച് ഉരുണ്ടുകരയുന്നു. ദശരഥരാജാവ് അന്വേഷിച്ചവിടെ ചെന്നു. അപ്പോഴാണ് ആ രണ്ട് ഇടിമുഴക്കം! ''അങ്ങയുടെ പൊന്നുരാമൻ വനത്തിലേയ്ക്കു പോകണം, നാളെ രാവിലെത്തന്നെ, മരവുരിയുടുത്ത്. പതിനാലുകൊല്ലത്തേയ്ക്കാകണം ഈ പോക്ക്. പിന്നെയോ? എന്റെ ഓമനഭരതനെ സിംഹാസനത്തിലിരുത്തണം. വിരോധമൊന്നും പറയരുത്. പണ്ടുതന്ന രണ്ടു വരങ്ങൾ ഇന്നു ചോദിച്ചുവാങ്ങുകയാണ് ഞാൻ. ശരി, എന്നു മാത്രം പറഞ്ഞോളു. തർക്കവും തകരാറുമൊന്നും ഉണ്ടാക്കേണ്ട.''

കരയുന്ന കൈകേയി, സ്വന്തം കരച്ചിൽ മാറ്റി ചിരിയ്ക്കാനായി, ഭർത്താവിനോടു നിർലജ്ജം നല്കിയ ആജ്ഞയായിരുന്നു ഇത്! ഇരുവർക്കുമിടയിൽ ആ രാത്രി മുഴുവനും നടന്ന വാഗ്വാദങ്ങൾ, വിലാപങ്ങൾ, പിടിവാശികൾ, കുഴക്കം, സങ്കടം, ധർമാധർമപ്പോർ, എല്ലാം അവാച്യംതന്നെ!

പ്രഭാതം ആർക്കും വേണ്ടി നിന്നില്ല. ഉദയഗിരി വെളുത്തു. രാമന്ന് ആളെ അയച്ച കൈകേയി, ആ പുത്രൻ വന്നതും ഒരു കൂസലും ഇല്ലാതെ പുതിയ വിധി അറിയിച്ചു. അതുവരെ ജയിച്ച കൈകേയി, തോറ്റുവെങ്കിൽ ആ രഘുകുലതിലകനോടാണ്! കൊടുംകാഠിന്യത്തിന് അതിസാരള്യത്തിൽനിന്നേറ്റ അപൂർവാഘാതമായിരുന്നു അത്. വാല്മീകിയുടെ രാമനുമാത്രമേ അവിടെ അതു സാധിച്ചുള്ളു. ബാക്കിയുള്ളവരെല്ലാം സ്വന്തം നിലതെറ്റി ചൂളിപ്പോയി. പലരും തേങ്ങിത്തേങ്ങിക്കരഞ്ഞു. നിരവധിപേർ കൈകേയിയെ ശപിച്ചു, ദശരഥനെ ദുർബലനെന്നു പുച്ഛിച്ചു.

സീമന്തപുത്രനാകട്ടെ വേഗം അമ്മയോടു വിടവാങ്ങാനായി ചെന്നു. സാരവാക്കുകൾ പലതും പറഞ്ഞ് അവസാനം കൗസല്യയെ സമ്മതിപ്പിച്ചു. സീതയോടാണ് പിന്നത്തെ വാഗ്വാദം. സീത രാമനെ തോല്പിച്ച്, കൂടെപ്പോകാൻ സമ്മതം വാങ്ങി. ലക്ഷ്മണൻ എന്നും തയ്യാറാണ്, അഗ്രജന്റെ കൂടെ എവിടേയും ചെല്ലാൻ.

മൂന്നുപേരും പിതൃസന്നിധിയിലെത്തി വന്ദിച്ചു. ഉടനെ ധൃതികൂട്ടി കൈകേയി മരവുരി കൊടുത്തു, അതുടുത്തു രാമൻ എത്രയും വേഗം പുറപ്പെടാൻ തിരക്കുകൂട്ടി.

ഭാരതസന്താനങ്ങളെ, ഇതാണ് ശരിയായ ധൈര്യം. അയോധ്യയെ മുഴുവനും കിടിലം കൊള്ളിച്ച, കഠിനദുഃഖത്തിലാഴ്ത്തിയ ആ രംഗം ഒന്ന് ആലോചിച്ചുനോക്കൂ. അഭിഷേകജലത്തിനും പട്ടുവസ്ത്രത്തിനും പകരം വന്നതു മരവുരിയും പ്ലാശിന്റെ കറയുമാണ്. പുഷ്പശയ്യയിൽനിന്നു പുൽത്തകിടിയിലേയ്ക്കുള്ള പ്രയാണം!

ആ വീരൻ, ധർമവത്സലൻ, ദശരഥനന്ദനൻ ലവലേശം ചൂളിയില്ല. എല്ലാവരും കരയവേ, രാമൻമാത്രം ഉല്ലാസവാനായി നിന്നു, കൈകേയിയെ പ്രണമിച്ചു വാഴ്ത്തി. ''അച്ഛന്റെ വാക്കും, ചെറിയമ്മയുടെ ആവശ്യവും, എന്റെ അഭിലാഷവും ഒന്നുതന്നെ'', പൊന്നുരാമനു പറയാനുണ്ടായിരുന്നതാണ് ഇത്.

ഭാരതാംബ വാല്മീകിമഹർഷിയുടെ തൂലികവഴി നമുക്കു വരച്ചുകാണിയ്ക്കുന്ന ധൈര്യത്തിന്റെ മാത്ര, സമചിത്തതയുടെ മാഹാത്മ്യം എത്ര ആലോചിച്ചുനോക്കിയാലും മതിയാവില്ല!

അടിച്ചവനെ തടുക്കുന്നതും തിരിച്ചടിയ്ക്കുന്നതും ദേഹപാടവമാണ്. ദേഹത്തിനെ ചലിപ്പിയ്ക്കുന്ന മനസ്തലത്തിലുള്ള ധൈര്യമൊന്നു വേറെ. ഇവിടെ രാമൻ നേരിട്ടതു പരനേയോ ശത്രുവിനേയോ അല്ല, സ്വന്തം പിതാവിനെയാണ്, തൊട്ടടുത്തിരിയ്ക്കുന്ന ചെറിയമ്മയേയും. അച്ഛനെത്തന്നെ നിലംപതിപ്പിച്ച ഇളയമ്മയുടെ പിടിവാശി എല്ലാവരേയും നിർജീവരാക്കി.

ചിലർ വീണുരുണ്ടു കരഞ്ഞു; എന്നാൽ അതിനൊന്നുമിരയാകാതെ, തന്നെ സംബന്ധിയ്ക്കുന്ന 'നിസ്സാരകൃത്യം' താൻ സന്തോഷപൂർവം സ്വീകരിയ്ക്കാമെന്ന്, പൂച്ചെണ്ട് സ്വീകരിയ്ക്കുംപോലെയുള്ള അഭിമാനത്തോടെ, ലാഘവത്തോടെ, ആ വത്സലസുതൻ ഉറച്ചു. അന്നുതന്നെ വല്ക്കലവും ജടയുമായി കാട്ടിലേയ്ക്കു കുതിച്ച രഘുകുലതിലകന്റേതു ധൈര്യത്തിന്റെ ശ്ലാഘ്യമാത്രയല്ലാതെന്ത്?

ഒലിയ്ക്കുന്ന നേത്രങ്ങളെ എങ്ങും കണ്ടുകൊണ്ട്, താൻ കരയാതെ, പതിനാലു വർഷത്തേയ്ക്കുള്ള ദണ്ഡകാരണ്യഗമനത്തിന് ഇറങ്ങിയ ദശരഥപുത്രൻ ധൈര്യത്തിന് എന്നേയ്ക്കുമുള്ള മാതൃകാപുരുഷൻതന്നെ. മര്യാദാപുരുഷോത്തമനെന്ന പേർ വെറുതെയാണോ രാമനു കൊടുത്തിട്ടുള്ളത്!

ഭാരതസന്താനങ്ങൾക്ക് ഇതാണ് അന്നുമുതൽ ഉന്നതമായ ആദർശം, വാഞ്ഛ, വാത്സല്യം. മനസ്സും ദേഹവുംകൂടിയുള്ള ഭൂവാസത്തിൽ, മനോധൈര്യമാണ് എവി ടേയും വിജയഹേതു, അനുകരണീയം. ഇതു ഭാരതീയത്തലമുറകളെ എന്നും അലങ്കരിയ്ക്കട്ടെ.

'വിചാരസരണി'യിൽ നിന്ന്

**Narayanashrama Tapovanam**
Venginissery, P.O. Ammadam, Trichur, Kerala, India
Email:ashram@bhoomananda.org; Website:www.SwamiBhoomanandaTirtha.org